# പതിമൂന്നാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 3322 — 16/12/2015-ലെ മറുപടിയ്ക്ക്

## അഗ്രോ ഫ്രൂട്ട്സ് പ്രൊഡക്ട്സ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. രാജു | ശ്രീ. കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) പുനലൂരിലെ അഗ്രോ ഫ്രൂട്ട്സ് പ്രൊഡക്ട്സിലെ പരിശീലനകേന്ദ്രത്തിൽ പരിശീലനം ആരംഭിച്ചിട്ടുണ്ടോ; എത്ര കുട്ടികൾ അഡ്മിഷനായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്; ഏതെല്ലാം മേഖലയിലെ പരിശീലനമാണ് പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ടിൽ നടക്കുന്നതെന്ന് വ്യക്തമാക്കുമോ; | എ) പുനലൂരിലെ അഗ്രോ ഫ്രൂട്ട് പ്രോഡക്ട്സ് കോമ്പൗണ്ടിൽ ആരംഭിച്ചിട്ടുള്ള പരിശീലന കേന്ദ്രത്തിൽ (അഗ്രോ ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്-AITI) പരിശീലനം ആരംഭിച്ചിട്ടുണ്ട്. 'ഓപ്പറേഷൻ & മെയിന്റനൻസ് ഓഫ് അഗ്രിക്കൾച്ചർ മെഷിനറീസ്' എന്ന കേരള സർക്കാരിന്റെ ടെക്നിക്കൽ എഡ്യൂക്കേഷൻ ഡിപ്പാർട്ട്മെന്റ് അംഗീകരിച്ച രണ്ടു വർഷത്തെ KGCE കോഴ്സ് ആണ് ആരംഭിച്ചിട്ടുള്ളത്. ഇപ്പോൾ 32 വിദ്യാർത്ഥികളാണ് കോഴ്സിൽ ചേർന്നിട്ടുള്ളത്. |
| ബി) അഗ്രോ ഫ്രൂട്ട്സിൽ നിന്നും വിരമിച്ച തൊഴിലാളികളിൽ എത്ര പേർക്ക് ആനുകൂല്യം നൽകാനുണ്ടെന്നും ഇത് ഏതെല്ലാം ഇനത്തിലുള്ളതാണെന്നും വ്യക്തമാക്കുമോ ; | ബി) അഗ്രോ ഫ്രൂട്ട് പ്രോഡക്ട്സിൽ നിന്നും വിരമിച്ച 17 ജീവനക്കാർക്ക് ഗ്രാറ്റുവിറ്റി ഇനത്തിലും ഏൺഡ് ലീവ് സറണ്ടർ ഇനത്തിലുമുള്ള ആനുകൂല്യങ്ങൾ കൊടുത്തു തീർക്കുവാനുണ്ട്. |
| സി) പ്രോവിഡന്റ് ഫണ്ട് അക്കൗണ്ട് ക്ലിയർ ചെയ്യാത്തതുമൂലം വിരമിച്ച തൊഴിലാളികൾക്ക് ലഭിക്കേണ്ട തുക പൂർണ്ണമായി ലഭിച്ചിട്ടില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ഡി) തൊഴിലാളികളുടെ പി.എഫ്. വിഹിതം പിരിച്ച് പി.എഫ് ഫണ്ടിൽ അടയ്ക്കാത്ത പ്രശ്നം പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | ഡി) തൊഴിലാളികളുടെ പി.എഫ് വിഹിതവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ